ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME:** 06.30 PM **DATE**:17.10.2024

## പ്രധാനവാർത്തകൾ

1) ത്രിരാഷ്ട്ര പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മലാവിയിലെത്തി. ഇന്ത്യയ്ക്കും മലാവിയ്ക്കുമിടയിൽ ഊഷ്മളമായ സൗഹൃദ ബന്ധമാണുള്ളതെന്ന് രാഷ്ട്രപതി.
2) കേരളത്തിൻറെ പരമ്പരാഗത ചികിത്സാ രീതിയായ ആയുർവേദത്തോടൊപ്പം ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യത കൂടി സംയോജിപ്പിക്കണമെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്രസിങ്ങ്.
3) വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ സിപിഐ നേതാവ് സത്യൻ മൊകേരി എൽ.ഡി.എഫ് സ്ഥാനാർത്ഥിയാവും.
4) മലയാള സിനിമയിലെ ആദ്യകാല നായികയായിരുന്ന നെയ്യാറ്റിൻകര കോമളം അന്തരിച്ചു.
5) സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ശക്തമായ തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ തീരദേശ മേഖലയിൽ ചുവപ്പ് ജാഗ്രത.
6) ന്യൂസിലൻഡിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് ബാറ്റിങ് തകർച്ച. ഒന്നാം ഇന്നിങ്സിൽ ഇന്ത്യ 46 റൺസിന് പുറത്ത്.

******************************

RNU TVPM

## രാഷ്ട്രപതി

ഇന്ത്യയ്ക്കും മലാവിയ്ക്കുമിടയിൽ ഊഷ്മളമായ സൗഹൃദ ബന്ധമാണുള്ളതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ത്യ-മലാവി ബിസിനസ്സ് മീറ്റിനെ ലിലോങ്-വേയിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി അൾജീരിയ, മൗറിറ്റാനിയ സന്ദർശനം പൂർത്തിയാക്കി ഇന്ന് ഉച്ചയോടെയാണ് ശ്രീമതി മുർമു മലാവിയിലെത്തിയത്. മലാവിയുടെ നാലാമത്തെ ഏറ്റവും വലിയ വ്യാപാര പങ്കാളി ഇന്ത്യയാണെന്നും നിരവധി മേഖലകളിൽ ഇരുരാജ്യങ്ങൾക്കും യോജിച്ച് പ്രവർത്തിക്കാനാകുമെന്നും രാഷ്ട്രപതി പറഞ്ഞു. രാജ്യത്തെ പ്രമുഖ നേതാക്കളുമായി ശ്രീമതി മുർമു ഉഭയകക്ഷി ചർച്ചകൾ നടത്തും. മലാവിയിലെ ഇന്ത്യൻ പ്രവാസി സമൂഹത്തെയും രാഷ്ട്രപതി അഭിസംബോധന ചെയ്യും.

********************************

## ജിതേന്ദ്ര സിംഗ് - ആർജിസിബി

ബഹിരാകാശ ഗവേഷണ മേഖലയിൽ ഇന്ത്യ വളരെയേറെ മുന്നേറുകയാണെന്നും ഇന്ത്യയുടെ നേട്ടങ്ങൾ നാസയുമായാണ് താരതമ്യം ചെയ്യപ്പെടുന്നതെന്നും കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. തിരുവനന്തപുരം CSIR-NIIST സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ആയുർവേദ ഗവേഷണ രംഗത്തെ മികവിൻറെ കേന്ദ്രത്തിനും, പെർമോഫൻസ് കെമിക്കൽസ് ആൻഡ് സസ്റ്റയിനബിൾ പോളിമർ മേഖലയിലെ മികവിൻറെ കേന്ദ്രത്തിനും CSIR-NIIST ൽ അദ്ദേഹം തുടക്കം കുറിച്ചു. കേരളത്തിൻറെ പരമ്പാഗത ചികിത്സാ രീതിയായ ആയുർവേദത്തോടൊപ്പം ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യത കൂടി സംയോജിപ്പിക്കണമെന്ന് ശ്രീ ജിതേന്ദ്ര സിങ് പറഞ്ഞു. (ഹോൾഡ്)

RNU TVPM

തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ വിവിധ കേന്ദ്ര പദ്ധതികളുടെ ഗുണഭോക്താക്കളായ 300 പട്ടികജാതി-പട്ടികവർഗ കർഷകരുടെയും കരകൗശല വിദഗ്ധരുടെയും സമ്മേളനം ശ്രീ ജിതേന്ദ്ര സിംഗ് ഇന്ന് ഉദ്ഘാടനം ചെയ്തിരുന്നു. 'ട്രൈബൽ ഹെറിറ്റേജ് പ്രോജക്ടിന്' കീഴിൽ ആറ് കമ്മ്യൂണിറ്റി സംരംഭങ്ങൾക്കും അദ്ദേഹം തുടക്കം കുറിച്ചു. സംസ്ഥാനത്തെ ഗോത്ര മേഖലയിലെ കർഷകരെയും കേന്ദ്രമന്ത്രി ചടങ്ങിൽ ആദരിച്ചു. ഇന്ത്യയിലെ ആദ്യത്തെ സ്വയം പ്രവർത്തിക്കുന്ന ഇൻഡോർ എയർ ക്വാളിറ്റി മോണിറ്റർ - പവനചിത്ര കേന്ദ്ര സഹമന്ത്രി തിരുവനന്തപുരം വിമാനത്താവളത്തിൽ ഇന്ന് രാവിലെ അനാഛാദനം ചെയ്തിരുന്നു.

******************************

## മൻ കി ബാത്-പ്രശ്നോത്തരി

നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി നടന്നുവരുന്ന പ്രശ്നോത്തരിയുടെ സീസൺ 4 മത്സരങ്ങൾ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം കാര്യവട്ടത്ത് നടക്കുന്ന ചടങ്ങിൽ മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ അധ്യക്ഷത വഹിക്കും.

RNUTVPM

******************************

## വയനാട് ലോക്സഭ മണ്ഡലം

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർത്ഥിയായി സിപിഐ നേതാവ് സത്യൻ മൊകേരി മത്സരിക്കും. പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വമാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ഇന്ന് രാവിലെ ചേർന്ന സിപിഐ സംസ്ഥാന എക്സിക്യൂട്ടിവ് യോഗത്തിലാണ് സ്ഥാനാർത്ഥിത്വം സംബന്ധിച്ച് തീരുമാനമായത്. നാദാപുരത്ത് മുന്ന് തവണ

എംഎൽഎയായിരുന്ന അദ്ദേഹം സിപിഐ ദേശീയ കൗൺസിൽ അംഗം, അഖിലേന്ത്യ കിസാൻ സഭ ദേശീയ വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 2014 ലും വയനാട് ലോക്സഭ മണ്ഡലത്തിൽ എൽഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ചിരുന്നു.

******************************

## സരിൻ

കെപിസിസി മീഡിയ സെൽ കൺവീനറായിരുന്ന പി. സരിനെ കോൺഗ്രസിൻറെ പ്രാഥമികാംഗത്വത്തിൽ നിന്ന് പുറത്താക്കി. പാലക്കാട് ഉപതിരഞ്ഞെടുപ്പിലെ കോൺഗ്രസ് സ്ഥാനാർത്ഥി നിർണയത്തിനെതിരെ പരസ്യപ്രചരണം നടത്തിയ പശ്ചാത്തലത്തിൽ സംഘടനാവിരുദ്ധ പ്രവർത്തനവും, അച്ചടക്കലംഘനവും ചൂണ്ടിക്കാട്ടിയാണ് നടപടി. ഇടത്പക്ഷവുമായി യോജിച്ച് പ്രവർത്തിക്കുമെന്നും, സിപിഐഎം സ്ഥാനാർഥിയായി പരിഗണിച്ചാൽ സ്വീകരിക്കുമെന്നും പി.സരിൻ പാലക്കാട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

******************************

## വി ശിവൻകുട്ടി-സബ്ജക്ട് മിനിമം

ഈ വർഷം മുതൽ എട്ടാം ക്ലാസിൽ സബ്ജക്ട് മിനിമം നടപ്പാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി . ഒമ്പതാം ക്ലാസിൽ അടുത്ത വർഷവും, അതിനടുത്ത വർഷം പത്താം ക്ലാസിലും വിഷയാധിഷ്ഠിത മിനിമം മാർക്ക് നടപ്പിലാക്കുമെന്ന് നവീകരിച്ച കണ്ണൂർ ശിക്ഷക് സദൻറെ ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് മന്ത്രി പറഞ്ഞു. ഇത് പ്രകാരം കുട്ടികൾ എല്ലാ വിഷയത്തിലും മിനിമം മാർക്ക് വാങ്ങേണ്ടതായിട്ടുണ്ട്. ഒരു കുട്ടിക്ക് ഏതെങ്കിലും വിഷയത്തിൽ മാർക്ക് കുറഞ്ഞാൽ രണ്ടാഴ്ചയ്ക്കകം വീണ്ടും പരീക്ഷയെഴുതാനാവും.

******************************

## റെയിൽവേ

ട്രെയിൻ ടിക്കറ്റ് മുൻകൂർ റിസർവ് ചെയ്യുന്നതിനുള്ള സമയപരിധി 120 ദിവസത്തിൽ നിന്ന് 60 ദിവസമായി കുറച്ച് ഇന്ത്യൻ റെയിൽവേ. അടുത്ത മാസം ഒന്ന് മുതൽ പുതിയ സമ്പ്രദായം നിലവിൽ വരും.

******************************

## മഴ മുന്നറിയിപ്പ്

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പിടുത്തിയിട്ടുണ്ട്. ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. താഴ്ന്ന മേഖലകളിൽ കടലാക്രമണത്തിനും വെള്ളം കയറുന്നതിനും സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

RNU TVPM

******************************

## കള്ളക്കടൽ ഇൻട്രോ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം പൂന്തുറയിൽ ഇന്നലെ ആരംഭിച്ച കടലാക്രണം ഇന്നും തുടർന്നതോടെ പ്രദേശത്ത് ഉണ്ടായത് നിരവധി നാശ നഷ്ടങ്ങൾ. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

(വോയ്സ്)

******************************

## നവീൻ ബാബു-സംസ്കാരം

കണ്ണൂർ എ.ഡി.എം നവീൻ ബാബുവിന്റെ സംസ്കാരചടങ്ങുകൾ പത്തനംതിട്ട മലയാലപ്പുഴയിലെ വീട്ടുവളപ്പിൽ ഇന്ന് ഉച്ചതിരിഞ്ഞ് നടന്നു. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ നിന്നായി

ആയിരങ്ങൾ അദ്ദേഹത്തിന് അന്തിമോപചാരം അർപ്പിക്കാനെത്തിയിരുന്നു. പത്തനംതിട്ട കളക്ടറേറ്റിൽ രാവിലെ നടന്ന പൊതുദർശനത്തിലും ഉദ്യോഗസ്ഥരടക്കം നിരവധിപേർ ആദരാഞ്ജലികൾ അർപ്പിച്ചു. റവന്യുമന്ത്രി കെ.രാജൻ, മന്ത്രി വീണാജോർജ്, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവരും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു.

******************************

## നവീൻ ബാബു -അന്വേഷണം

എ.ഡി.എം നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം പുരോഗമിക്കുകയാണെന്ന് കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ അജിത്ത് കുമാർ . സംഭവത്തിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് പി.പി. ദിവ്യക്കെതിരെയുള്ള അന്വേഷണവും നടക്കുന്നതായി അദ്ദേഹം പറഞ്ഞു.

PRD TVPM

******************************

## നെയ്യാറ്റിൻകര കോമളം

മലയാള സിനിമയിലെ ആദ്യകാല നായികയായിരുന്ന നെയ്യാറ്റിൻകര കോമളം അന്തരിച്ചു. 96 വയസായിരുന്നു. *വനമാല* എന്ന ചിത്രത്തിലൂടെ അഭിനയ ലോകത്ത് പ്രവേശിച്ച നെയ്യാറ്റിൻകര കോമളം 'മരുമകൾ ' എന്ന ചിത്രത്തിലൂടെ പ്രേംനസീറിന്റെ ആദ്യനായികയെന്ന നിലയിലാണ് കൂടുതലായി അറിയപ്പെടുന്നത്. ആത്മശാന്തി , സന്ദേഹി, ന്യൂസ്പേപ്പർബോയ് തുടങ്ങി ഏതാനും ചിത്രങ്ങളിലും വേഷമിട്ടിരുന്നു.

******************************

## പാർലിമെന്ററി സമിതി- ഇടുക്കി

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച പാർലിമെൻററി സമിതിയുടെ രണ്ടു ദിവസത്തെ ഇടുക്കി സന്ദർശനം പൂർത്തിയായി. ജാതി സർട്ടിഫിക്കറ്റ്, പട്ടയം, വനാവകാശം,

തൊഴിലുറപ്പ് എന്നീ വിഷയങ്ങളിൽ സമയോചിതമായ ഇടപെടൽ ഉണ്ടാകുമെന്ന് സമിതി അധ്യക്ഷൻ ഫഗ്ഗൻ സിംഗ് കുലസ്തേ ഉറപ്പ് നൽകി.

******************************

## ദൂരദർശൻ -സ്ട്രിങ്ങർ

തിരുവനന്തപുരം ദൂരദർശൻ റീജിയണൽ വാർത്ത വിഭാഗത്തിൽ, കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള വീഡിയോ സ്ട്രിങ്ങർമാരുടെ പാനൽ രൂപീകരണത്തിനുള്ള അപേക്ഷ നവംബർ 11 വരെ നീട്ടി. ദൃശ്യമാധ്യമ രംഗത്ത് പ്രവർത്തിപരിചയമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ prasarbharati.gov.in /pbvacancies/ എന്ന ലിങ്കിൽ ലഭ്യമാണ്.

******************************

## ക്രിക്കറ്റ്

RNUTVPM

ഇന്ത്യ-ന്യൂസിലൻഡ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് ബാറ്റിങ്ങ് തകർച്ച. ആദ്യ ഇന്നിങ്സിൽ ഇന്ത്യ 46 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ന്യൂസിലൻഡ് ആദ്യ ദിനം മത്സരം അവസാനിക്കുമ്പോൾ മൂന്നു വിക്കറ്റ് നഷ്ടത്തിൽ 180 റൺസ് എന്ന നിലയിലാണ്.

******************************

****************

***************